(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നീന്തൽ പരിശീലനം നടത്തുന്നത് പ്രായോഗികമാണെന്ന് കരുതുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ചാലക്കുടിയിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ

82 (4705) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആതിരപ്പിള്ളി, വാഴച്ചാൽ ടൂറിസ്റ്റ് കേന്ദ്രങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും സന്ദർശിക്കുന്നതിനായി ചാലക്കുടിയിൽ എത്തിച്ചേരുന്ന സഞ്ചാരികളുടെ സൗകര്യത്തിനായി ചാലക്കുടിയിൽ ടൂറിസം വകുപ്പിന്റെ ഒരു ഇൻഫർമേഷൻസെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

മലമ്പുഴ ഉദ്യാനത്തിന്റെ വികസനം

83 (4706) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) മലമ്പുഴ ഉദ്യാനത്തിന്റെ മോടി കൂട്ടുന്നതിനായി നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; എത്ര രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശിച്ചിരുന്നത് ; അതിൽ എത്ര സിവിൽ വർക്കുകൾ ; ലാന്റ് സ്കേപ്പ് വർക്കിനായി എത്ര രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലമ്പുഴ ഉദ്യാനത്തിന്റെ വികസനത്തിനായി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുകയും ആയതിന് കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തു. 482.04 ലക്ഷം (നാലുകോടി എൺപത്തിരണ്ടുലക്ഷത്തി നാലായിരം) രൂപയാണ് കേന്ദ്രം അനുവദിച്ചത്. പ്രസ്തുത പദ്ധതി സംസ്ഥാന ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരികയാണ്.

(ബി) മേൽപ്പറഞ്ഞ കേന്ദ്ര പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. താഴെപ്പറയുന്ന ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1 ബോട്ട് ജെട്ടി ആന്റ് കനാൽ ബാങ്ക് ഭിത്തി ശക്തിപ്പെടുത്തൽ

2 ഫിൽട്ടറേഷൻ പ്ലാന്റ് ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ, ഡസ്റ്റ് ബിനുകൾ, ബിൽറ്റ് ഇൻ സീറ്റുകൾ

3 നടപ്പാത പുനരുദ്ധാരണം

4 ഗാർഡനിൽ ഇല്ലുമിനേഷൻ

5 നിലവിലുള്ള ഗ്രീൻ ഹൗസ് നവീകരണം

6 സോഫ്റ്റ് ലാന്റ് സ്കേപ്പിംഗ്

7 കുട്ടികളുടെ കളിസ്ഥലം

8 ആംഫി തീയറ്റർ, കാസ്കേഡ്

9 ജാപ്പനീസ് ഗാർഡൻ പുനരുദ്ധാരണം, പാത്ത് വേ നിർമ്മാണം.

10 ഭക്ഷണശാല

11 പ്രവേശനകവാടം

12 ബാന്റ് സ്റ്റാന്റ്

482.04 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്.

(സി) മേൽ വിവരിച്ചിരിക്കുന്ന പ്രവർത്തനങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. അവയിൽ ലാന്റ്സ്കേപ്പിംഗ്, ഇല്ലുമിനേഷൻ ഒഴികെയുള്ളവ സിവിൽ വർക്കുകളാണ്. ലാന്റ്സ്കേപ്പിംഗിനായി ഒരു കോടി രൂപയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബാക്കി 382.04 ലക്ഷം രൂപ സിവിൽ വർക്കുകൾക്കായി നീക്കിവച്ചിരിക്കുന്നു.

പെരുന്തേനരുവി ടൂറിസം പദ്ധതി

84 (4707) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്ക് ഒന്നാം ഘട്ടമായി എത്ര ഫണ്ടാണ് അനുവദിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly